# PAPER-II
# MALAYALAM

**Signature and Name of Invigilator**

1. (Signature) ____________________________
   (Name) ____________________________
2. (Signature) ____________________________
   (Name) ____________________________

| S | 2 2 | 1 | 3 |
|---|---|---|---|

OMR Sheet No. : .............................................

(To be filled by the Candidate)

Roll No. | | | | | | | | |

(In figures as per admission card)

Roll No.________________________________________

(In words)

Time : **1 $^1/_4$** hours] [Maximum Marks : **100**

Number of Pages in this Booklet : **16** Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal / polythene bag on the booklet. Do not accept a booklet without sticker-seal / without polythene bag and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the circle as indicated below on the correct response against each item.
   **Example :** Ⓐ Ⓑ ● Ⓓ
   where (C) is the correct response.
5. Your responses to the items are to be indicated in the **OMR Sheet given inside the Paper I Booklet only.** If you mark at any place other than in the circle in the OMR Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the OMR Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means, you will render yourself liable to disqualification.
9. You have to return the original OMR Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall. You are however, allowed to carry duplicate copy of OMR Sheet on conclusion of examination.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए पुस्तिका पर लगी कागज की सील / पोलिथीन बैग को फाड़ लें । खुली हुई या बिना स्टीकर-सील / बिना पोलिथीन बैग की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात् किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
   (iii) इस जाँच के बाद OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं । आपको सही उत्तर के वृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है ।
   **उदाहरण** : Ⓐ Ⓑ ● Ⓓ जबकि (C) सही उत्तर है ।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये OMR पत्रक पर ही** अंकित करने हैं । यदि आप OMR पत्रक पर दिये गये वृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप OMR पत्रक पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, तो परीक्षा के लिये अयोग्य घोषित किये जा सकते हैं ।
9. आपको परीक्षा समाप्त होने पर मूल OMR पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें । हालांकि आप परीक्षा समाप्ति पर OMR पत्रक की डुप्लीकेट प्रति अपने साथ ले जा सकते हैं ।
10. **केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें ।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।**
12. **गलत उत्तरों के लिए कोई अंक काटे नहीं जाएँगे ।**

## മലയാളം
## MALAYALAM
## Paper – II

**Note :** This paper contains **fifty (50)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

ഈ ചോദ്യക്കടലാസ്സിൽ **അമ്പത്** (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** (2) മാർക്ക്. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**1.** ദ്രമിഡ സംഘാതാക്ഷരം എന്നാൽ എന്ത് ?

(A) 12 വ്യഞ്ജനങ്ങളും 18 സ്വരങ്ങളും

(B) 12 സ്വരങ്ങളും 18 വ്യഞ്ജനങ്ങളും

(C) 33 വ്യഞ്ജനങ്ങളും 16 സ്വരങ്ങളും

(D) 13 സ്വരങ്ങളും 37 വ്യഞ്ജനങ്ങളും

**2.** സംഘകാല കൃതികളിലും കൃഷ്ണഗാഥയിലും സൂചിപ്പിക്കുന്ന ഒരു കേരളീയ നഗരം.

(A) മുമ്പിരിസ്

(B) പന്തലായിനിക്കൊല്ലം

(C) പാഴി

(D) കുരക്കേണിക്കൊല്ലം

**3.** ‘ഭുവന തല ഗത വിമല ദിവ്യരത്നങ്ങളാൽ
ഭൂതി പരിപൂർണ്ണമായുള്ള ലങ്കയും
അനില സുതനിഹ ദഹിപ്പിച്ചിതെങ്കിലും
ഭൂതി പരിപൂർണ്ണമായ് വന്നിതത്ഭുതം’

– ഈ വരികളിലെ അത്ഭുതത്തിനാധാരമായ പദം

(A) വിമലദിവ്യരത്നം

(B) ഭൂതി

(C) അനില സുതൻ

(D) ദഹിപ്പിക്കൽ

**4.** ശരിയായി ചേർത്തെഴുതിയ ഗണമേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | ഹരിപ്പാട് സുബ്രഹ്മണ്യ ക്ഷേത്രം | i. | ഉണ്ണുനീലി സന്ദേശം |
| b. | പാൽകുളങ്ങര ദേവീക്ഷേത്രം | ii. | കോക സന്ദേശം |
| c. | കൂടൽമാണിക്യ ക്ഷേത്രം | iii. | ശുക സന്ദേശം |
| d. | ഗുരുവായൂർ ക്ഷേത്രം | iv. | മയൂര സന്ദേശം |
| | | v. | കപോത സന്ദേശം |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | iv | i | v | ii |
| (B) | iii | v | ii | i |
| (C) | i | iv | iii | v |
| (D) | ii | iii | i | iv |

5. മാപ്പിളപ്പാട്ടിലെ വൃത്തരീതി

(A) കെസ്സ്  (B) മാല
(C) ഇശൽ  (D) ബദർ

6. ശരിയായി ചേർത്തെഴുതിയ ഗണമേത് ?

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | അണ്ണാവിപ്പാട്ട് | i. | ചാത്തൻ സേവയുടെ പാട്ടുകൾ |
| b. | മതിലേരിക്കന്നി | ii. | തെക്കൻപാട്ട് |
| c. | ഇരവിക്കുട്ടിപ്പിള്ളപ്പോര് | iii. | വടക്കൻപാട്ടിലെ ഒറ്റപ്പാട്ട് |
| d. | മാർഗ്ഗംകളി | iv. | തമിഴ്നാട്ടിലെ അണ്ണാവി വർഗ്ഗക്കാർ പാടിയിരുന്ന പാട്ട് |
| | | v. | ക്രിസ്തീയ കലാരൂപം |
| | | vi. | ക്രിസ്തുവിന്റെ പീഢാനുഭവം വിഷയമാക്കി |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | v | i | iv | vi |
| (B) | ii | iv | iii | i |
| (C) | vi | iii | ii | v |
| (D) | iii | v | i | ii |

7. ശരിയായി ചേർത്തെഴുതിയ ഗണമേത് ?

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | ഏകലോചനം | i. | മുടിയേറ്റ് |
| b. | ശിഖിനി ശലഭം | ii. | പുള്ളുവൻപാട്ട് |
| c. | ചവിട്ട് | iii. | കഥകളി |
| d. | നവേറ് | iv. | കൂടിയാട്ടം |
| | | v. | കാറൽമാൻ ചരിതം |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | iii | iv | v | ii |
| (B) | iv | iii | i | v |
| (C) | v | i | ii | iv |
| (D) | ii | v | iv | iii |

8. ‘പ്രാണനാഥനെനിക്കു തന്നൊരു
പരമാനന്ദ രസത്തെ’ ആരുടെ വരി

(A) ഷഡ്കാല ഗോവിന്ദ മാരാർ  (B) സ്വാതി തിരുനാൾ
(C) കെ.സി. കേശവപ്പിള്ള  (D) ഇരയിമ്മൻ തമ്പി

**9.** **കാര്യം** : ഭക്തി രാമചരിതകാരന് ഒരു ഗൗരവമുള്ള വൈകാരിക സത്യമായി അനുഭവപ്പെട്ടിട്ടില്ല.

**കാരണം** : (i) യുദ്ധവീരത്തിന്റെ ശക്തമായ ആവിഷ്ക്കാരത്തിലായിരുന്നു രാമചരിതകാരൻ ഊന്നൽ കൊടുത്തത്.

(ii) ശൃംഗാരത്തിന്റെ കലർപ്പ് ഭക്തിയുടെ വിശുദ്ധിയെക്കുറച്ചിട്ടുണ്ട്.

(A) കാര്യവും കാരണങ്ങളും ഭാഗികമായി മാത്രം ശരി.

(B) കാര്യം ശരിയല്ല, അതുകൊണ്ട് തന്നെ കാരണങ്ങളും

(C) കാര്യവും കാരണങ്ങളും ശരിയാണ്.

(D) കാര്യം ശരി, കാരണങ്ങൾ രണ്ടും തെറ്റ്.

**10.** എഴുത്തച്ഛനേയും വെള്ളാങ്ങല്ലൂർ ശങ്കരനേയും അടയാളപ്പെടുത്തേണ്ട ഏറ്റവും പ്രധാനമായ ഒരു സംഭാവന.

(i) സംക്ഷേപണ കലയിൽ അത്ഭുതം സൃഷ്ടിച്ചു.

(ii) പരിഭാഷയിൽ അസാധാരണമായ സ്വാതന്ത്ര്യബോധം പ്രകടിപ്പിച്ചു.

(iii) വീര-കരുണ രസങ്ങൾക്ക് രണ്ടുപേരും പ്രാമുഖ്യം കല്പിച്ചു.

(A) (i) മാത്രം ശരി (B) (i) ഉം (iii) ഉം ശരി

(C) (i) ഉം (ii) ഉം ശരി (D) (iii) മാത്രം ശരി

**11.** ശരിയായി ചേർത്തെഴുതിയ ഗണമേത് ?

| **പട്ടിക – I** | | **പട്ടിക – II** | |
|---|---|---|---|
| a. | രുഗ്മാംഗദ ചരിതം | i. | ഉള്ളൂർ |
| b. | പാണ്ഡവോദയം | ii. | വള്ളത്തോൾ |
| c. | വേദ വിഹാരം | iii. | കെ.സി. കേശവപ്പിള്ള |
| d. | ഉമാകേരളം | iv. | കെ.വി. സൈമൺ |
| | | v. | കൊച്ചുണ്ണിത്തമ്പുരാൻ |
| | | vi. | പന്തളം കേരളവർമ്മ |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | ii | iv | v | vi |
| (B) | vi | v | iv | i |
| (C) | ii | iii | vi | v |
| (D) | iv | i | ii | iii |

**12.** 'ദധീഥി മാലിതൻ വക്ത്രത്തിൽനിന്ന്
സ്ഫീതാന്ധ മിശ്രം നിർഗമിപ്പാൻ'
– ഈ വരികൾ

(A) കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മഹാഭാരത വിവർത്തനം

(B) ഏ. ആർ. രാജരാജ വർമ്മയുടെ ദൈവയോഗം

(C) കീചകവധം ആട്ടക്കഥയിൽ

(D) കർണ്ണഭൂഷണത്തിൽ

13. അവതാരികകളുടെ ഗണം ചേർത്തെഴുതുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | നളിനി | i. | പൊൻകുന്നം വർക്കി |
| b. | ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകൾ | ii. | എം.വി. ദേവൻ |
| c. | സ്പന്ദിക്കുന്ന അസ്ഥിമാടം | iii. | കെ.എസ്. രവികുമാർ |
| d. | അയ്യപ്പപ്പണിക്കരുടെ കൃതികൾ | iv. | ഏ. ആർ. രാജരാജ വർമ്മ |
| | | v. | എം.ജി.എസ്. നാരായണൻ |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | v | ii | iv | i |
| (B) | iv | iii | i | ii |
| (C) | ii | i | v | iv |
| (D) | iii | v | ii | i |

14. വർത്തമാനപ്പുസ്തകം കൂട്ടായി രചിച്ചവർ

(A) യൗസേപ്പുമെത്രാനും കല്ലൂർ ഉമ്മൻ ഫിലിപ്പോസും

(B) തോമ്മാക്കത്തനാരും ക്ലമന്റ് പിയാനിയസ്സും

(C) യൗസേപ്പുമെത്രാനും തോമ്മാക്കത്തനാരും

(D) യൗസേപ്പുമെത്രാനും ക്ലമന്റ് പിയാനിയസ്സും

15. പൂർവ്വ മദ്ധ്യകാല തമിഴിൽ നിന്ന് മലയാളം ആവിർഭവിച്ചുവെന്ന വാദം ഉന്നയിക്കുന്നതാരാണ് ?

(A) എൽ.വി. രാമസ്വാമി അയ്യർ (B) ഗോവിന്ദൻകുട്ടി

(C) ഏ.സി. ശേഖർ (D) കെ.എം. പ്രഭാകര വാര്യർ

16. ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | ഫ്രാൻസിസ് ഇട്ടിക്കോര | i. | പി.സുരേന്ദ്രൻ |
| b. | അന്ധകാരനഴി | ii. | അംബികാസുതൻ മാങ്ങാട് |
| c. | മരക്കാപ്പിലെ തെയ്യങ്ങൾ | iii. | ഇ. സന്തോഷ്കുമാർ |
| d. | ജൈവം | iv. | ടി.ഡി.രാമകൃഷ്ണൻ |
| | | v. | ഇന്ദുഗോപൻ |

**കോഡ്** :

| | a | b | c | d |
|---|---|---|---|---|
| (A) | i | ii | v | iii |
| (B) | iv | iii | ii | i |
| (C) | iii | v | i | ii |
| (D) | v | iv | iii | i |

**17.** ചേരുംപടി ചേർക്കുക.

| **പട്ടിക – I** | | **പട്ടിക – II** | |
|---|---|---|---|
| a. | മുറ്റമടിക്കുമ്പോൾ | i. | സാവിത്രീ രാജീവൻ |
| b. | ചരിവ് | ii. | വിജയലക്ഷ്മി |
| c. | മൃഗ ശിക്ഷകൻ | iii. | അനിതാ തമ്പി |
| d. | മഴുവിന്റെ കഥ | iv. | ബാലാമണിയമ്മ |
| | | v. | കടത്തനാട്ട് മാധവിയമ്മ |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | ii | iv | i | v |
| (B) | v | iii | iv | i |
| (C) | iii | i | ii | iv |
| (D) | iv | v | iii | ii |

**18.** ചേരുംപടി ചേർക്കുക.

| **പട്ടിക – I** | | **പട്ടിക – II** | |
|---|---|---|---|
| a. | അടിമകളെങ്ങനെ ഉടമകളായി | i. | ഏ.കെ. ഗോപാലൻ |
| b. | മെതിയടി | ii. | വിഷ്ണു ഭാരതീയൻ |
| c. | എന്റെ കഥ | iii. | എൻ. ശശിധരൻ |
| d. | അരങ്ങുകാണാത്ത നടൻ | iv. | കെ. ദേവയാനി |
| | | v. | തിക്കോടിയൻ |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | iv | v | ii | i |
| (B) | ii | iii | i | v |
| (C) | v | iv | iii | ii |
| (D) | iii | i | iv | ii |

**19.** ചേരുംപടി ചേർക്കുക.

| **പട്ടിക – I** | | **പട്ടിക – II** | |
|---|---|---|---|
| a. | പാവം ഉസ്മാൻ | i. | എൻ. പ്രഭാകരൻ |
| b. | ആയഞ്ചേരിവല്ല്യശമാൻ | ii. | പി. ബാലചന്ദ്രൻ |
| c. | പുലിജന്മം | iii. | പി.എം. ആന്റണി |
| d. | ക്രിസ്തുവിന്റെ ആറാം തിരുമുറിവ് | iv. | ടി.പി. സുകുമാരൻ |
| | | v. | എൻ. ശശിധരൻ |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | ii | iv | i | iii |
| (B) | v | ii | iv | i |
| (C) | iv | iii | ii | i |
| (D) | v | i | ii | iv |

**20.** പ്രസിദ്ധപ്പെടുത്തിയ മുറയ്ക്ക് ശരിയായ ക്രമമേത് ?

(A) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, ഖസാക്കിന്റെ ഇതിഹാസം, ആൾക്കൂട്ടം, ഏഴാം മുദ്ര

(B) ഏഴാം മുദ്ര, ഖസാക്കിന്റെ ഇതിഹാസം, ആൾക്കൂട്ടം, മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

(C) ഖസാക്കിന്റെ ഇതിഹാസം, ആൾക്കൂട്ടം, മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, ഏഴാം മുദ്ര

(D) ആൾക്കൂട്ടം, മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, ഖസാക്കിന്റെ ഇതിഹാസം, ഏഴാം മുദ്ര

**21.** ചേർച്ചയില്ലാത്തത് ഏത് ?

(A) ഗസൽ – ബാലചന്ദ്രൻ ചുള്ളിക്കാട്

(B) രാഷ്ട്രതന്ത്രം – ടി.പി. രാജീവൻ

(C) സ്വപ്നവാങ്മൂലം – റഫീഖ് അഹമ്മദ്

(D) വീട്ടിലേയ്ക്കുള്ള വഴി – എ. അയ്യപ്പൻ

**22.** ചേർച്ചയില്ലാത്തത് ഏത് ?

(A) പുരോഗമന സാഹിത്യ സമിതി – എം.പി. പോൾ

(B) കലാമണ്ഡലം – വള്ളത്തോൾ

(C) കേസരി പത്രം – വക്കം മൗലവി

(D) രാഘവൻ പയ്യനാട് – ഫോക്‌ലോർ പഠനം

**23.** ചേർച്ചയുള്ളത് ഏത് ?

(A) ഉള്ളൂർ മഹാകവി (ജീവചരിത്രം) – പി.കെ. പരമേശ്വരൻ നായർ

(B) ജാനകീപരിണയം (നാടകം) – അപ്പൻ തമ്പുരാൻ

(C) ജീവിക്കാൻ മറന്നുപോയ സ്ത്രീ (നോവൽ) – പാറപ്പുറത്ത്

(D) ബലിദർശനം (കവിത) – അക്കിത്തം

**24.** ശരിയായ ഗണമേത് ?

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | ജഗണം | i. | മധ്യഗുരു |
| b. | സഗണം | ii. | സർവ്വലഘു |
| c. | മഗണം | iii. | അന്ത്യഗുരു |
| d. | നഗണം | iv. | സർവ്വഗുരു |
| | | v. | ആദിലഘു |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | ii | iii | iv | i |
| (B) | i | iii | iv | ii |
| (C) | iv | i | ii | v |
| (D) | iii | iv | v | i |

**25.** വൃത്തമേത് ?

'അസ്ത ഗിരീശ്വര മസ്തക സീമനി

ഭാസ്ക്കര ഭഗവാൻ മറയുന്നേരം'

(A) നതോന്നത (B) ഊനകാകളി

(C) തരംഗിണി (D) കേക

**26.** ശരിയായ ക്രമമേത് ?

(A) എ ഡിക്ഷണറി ഓഫ് ഹൈ ആന്റ് കൊളോക്യൽ മലയാളം ആന്റ് ഇംഗ്ലീഷ്, കോളിൻസ് മലയാളം നിഘണ്ടു, ഗുണ്ടർട്ട് നിഘണ്ടു, മലയാളം-ഇംഗ്ലീഷ് സ്കൂൾ ഡിക്ഷണറി

(B) എ ഡിക്ഷണറി ഓഫ് ഹൈ ആന്റ് കൊളോക്യൽ മലയാളം ആന്റ് ഇംഗ്ലീഷ്, കോളിൻസ് മലയാളം നിഘണ്ടു, മലയാളം-ഇംഗ്ലീഷ് സ്കൂൾ ഡിക്ഷണറി, ഗുണ്ടർട്ട് നിഘണ്ടു

(C) ഗുണ്ടർട്ട് നിഘണ്ടു, മലയാളം-ഇംഗ്ലീഷ് സ്കൂൾ ഡിക്ഷണറി, കോളിൻസ് മലയാളം നിഘണ്ടു, എ ഡിക്ഷണറി ഓഫ് ഹൈ ആന്റ് കൊളോക്യൽ മലയാളം ആന്റ് ഇംഗ്ലീഷ്

(D) കോളിൻസ് മലയാളം നിഘണ്ടു, ഗുണ്ടർട്ട് നിഘണ്ടു, മലയാളം-ഇംഗ്ലീഷ് സ്കൂൾ ഡിക്ഷണറി, എ ഡിക്ഷണറി ഓഫ് ഹൈ ആന്റ് കൊളോക്യൽ മലയാളം ആന്റ് ഇംഗ്ലീഷ്

**27.** ശരിയായ ഗണമേത് ?

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | ചലച്ചിത്രത്തിന്റെ പൊരുൾ | i. | അടൂർ ഗോപാലകൃഷ്ണൻ |
| b. | മലകളിൽ മഞ്ഞുപെയ്യുന്നു | ii. | ഒ.കെ. ജോണി |
| c. | സിനിമയുടെ വർത്തമാനം | iii. | ഷൺമുഖദാസ് |
| d. | സിനിമയുടെ ലോകം | iv. | സാബു ശങ്കർ |
| | | v. | വിജയകൃഷ്ണൻ |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | iv | ii | i | v |
| (B) | ii | i | v | iv |
| (C) | v | iii | ii | i |
| (D) | i | v | iv | iii |

28. ഒരു ഇന്ത്യൻ സർവ്വകലാശാലയിൽ നിന്ന് മലയാള പഠനത്തിന് ആദ്യമായി പി. എച്ച്.ഡി. ബിരുദം നേടിയവർ (1951-ൽ)

(A) കെ.എം. ജോർജ്ജ്, കെ.എൻ. എഴുത്തച്ഛൻ

(B) സി.എൽ. ആന്റണി, കെ. ഉണ്ണിക്കിടാവ്

(C) കെ.എം. ജോർജ്ജ്, എസ്.കെ. നായർ

(D) കുഞ്ചുണ്ണി രാജ, ഡി. അപ്പുക്കുട്ട മേനോൻ

29. **കാര്യം** : വായനക്കാരന് ഓർത്തും ചിന്തിച്ചും അനുഭവങ്ങൾ സ്വായത്തമാക്കാൻ അവസരം നൽകുന്ന രചനാതന്ത്രമല്ല, നേർക്കാഴ്ചയുടെ നാടകാനുഭവത്തിന്റെ പ്രത്യക്ഷ സാക്ഷ്യമാണ് വള്ളത്തോളിന്റെ മിക്ക കവിതകളെയും വ്യത്യസ്തമാക്കുന്നത്.

**കാരണം** : (i) ജീവിതത്തിന്റെ ഉപരിതല യാഥാർത്ഥ്യങ്ങൾക്കാണ് വള്ളത്തോൾ പ്രാധാന്യം നൽകിയത്.

(ii) നാടകീയതയുടെ ദൃശ്യസാക്ഷാത്കാരത്തോട് കവിയുടെ അടങ്ങാത്ത അഭിനിവേശം.

(iii) കലാമണ്ഡല പരിസരത്തിന്റെ സ്വാധീനം

(A) കാര്യം ശരി, കാരണം (iii) ശരി.

(B) കാര്യം തെറ്റ്, കാരണം (i) ശരി.

(C) കാര്യവും, കാരണം (ii) ഉം ശരി.

(D) കാര്യം ശരി, കാരണം (i) ഉം (ii) ഉം ശരി.

30. 'പറയൂ ഫാദർ ഗോൺസാലസ്' ആരുടെ ആദ്യകഥ ?

(A) എം. മുകുന്ദൻ (B) എം.ടി.

(C) ഒ.വി. വിജയൻ (D) മേതിൽ രാധാകൃഷ്ണൻ

31. എം. ഗോവിന്ദന്റെ 'ഓഥന്റിക് നാടകവേദി' എന്ന ആശയത്തിന്റെ ചുവടു പിടിച്ച് സി.ജെ. സിംപോസിയത്തിൽ 'തനതു നാടകവേദി' എന്ന പ്രബന്ധം അവതരിപ്പിച്ചത്

(A) ജി. ശങ്കരപ്പിള്ള

(B) വയലാ വാസുദേവൻ പിള്ള

(C) സി.എൻ. ശ്രീകണ്ഠൻ നായർ

(D) കാവാലം നാരായണപ്പണിക്കർ

**32.** ശരിയായ ഗണമേത് ?

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | മലയാള നാടക പ്രസ്ഥാനം | i. | ജി. ശങ്കരപ്പിള്ള |
| b. | മലയാള നാടക സാഹിത്യ ചരിത്രം | ii. | മേക്കൊല്ല പരമേശ്വരൻ പിള്ള |
| c. | നവീന നാടകാദർശം | iii. | കെ.ജെ. ബേബി |
| d. | ദൃശ്യവേദി | iv. | കാട്ടുമാടം നാരായണൻ |
| | | v. | കെ.എസ്. നാരായണ പിള്ള |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | iv | v | iii | ii |
| (B) | iv | i | ii | v |
| (C) | v | iii | i | ii |
| (D) | i | ii | iv | iii |

**33.** **കാര്യം** : മലയാളത്തിലെ പ്രഹസന പ്രസ്ഥാനത്തിൽ പിറന്ന നാടകങ്ങളധികവും ഉത്തമമായ, ലക്ഷണയുക്തങ്ങളായ നാടക ഗണത്തിൽപ്പെടുന്നില്ല.

**കാരണം** : (i) സാമൂഹികവും വ്യക്തിപരവുമായ ആചാര വൈകല്യങ്ങളുടെയും പെരുമാറ്റ ദൂഷ്യങ്ങളുടെയും പരിഹാസ്യത മാത്രമാണ് പല പ്രഹസനങ്ങളുടെയും പ്രമേയം.

(ii) പ്രഹസനകാരന്മാർ ആസ്വാദകരെ ചിരിപ്പിക്കുക എന്ന ധർമ്മത്തിനാണ് ഊന്നൽ കൊടുത്തത്.

(A) കാര്യം ശരി, കാരണം (i) ഉം (ii) ഉം ശരി.

(B) കാര്യം ഭാഗികമായി മാത്രം ശരി, കാരണങ്ങളും ഭാഗികമായി ശരി.

(C) കാര്യം തെറ്റ്, കാരണം (ii) മാത്രം ശരി.

(D) കാര്യം ശരി, കാരണം (i) മാത്രം ശരി.

**34.** ശരിയായ ഗണമേത് ?

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | വിചാര വിപ്ലവം | i. | പി.കെ. ബാലകൃഷ്ണൻ |
| b. | ഇസങ്ങൾക്കപ്പുറം | ii. | കുറ്റിപ്പുഴ |
| c. | വിചാര കൗതുകം | iii. | എൻ.വി. കൃഷ്ണ വാര്യർ |
| d. | ചന്തുമേനോൻ ഒരു പഠനം | iv. | എസ്. ഗുപ്തൻ നായർ |
| | | v. | പി.കെ. നാരായണ പിള്ള |
| | | vi. | കെ.എം. ജോർജ്ജ് |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | ii | iv | vi | i |
| (B) | vi | i | iii | v |
| (C) | iv | iii | v | ii |
| (D) | i | iii | vi | iv |

35. ശരിയായ ഗണമേത് ?

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | ആളൊഴിഞ്ഞ അരങ്ങ് | i. | കെ.പി. അപ്പൻ |
| b. | മാറുന്ന മലയാള നോവൽ | ii. | വി.സി. ശ്രീജൻ |
| c. | ചിന്തയിലെ രൂപകങ്ങൾ | iii. | എം.കെ. ഹരികുമാർ |
| d. | ആത്മായനങ്ങളുടെ ഖസാക്ക് | iv. | ബാലചന്ദ്രൻ വടക്കെടത്ത് |
| | | v. | വി. രാജകൃഷ്ണൻ |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | iii | v | i | ii |
| (B) | v | i | ii | iii |
| (C) | i | iii | v | iv |
| (D) | ii | iii | iv | i |

36. കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാനെ അർജ്ജുനനായും വെണ്മണി അച്ഛനെ ഹനുമാനായും കുംഭകോണം കൃഷ്ണ ശാസ്ത്രികളെ കൃഷ്ണനായും കേരളവർമ്മയെ ഭീമനായും കാത്തുള്ളിൽ അച്യുത മേനോനെ ധൃഷ്ടദ്യുമ്നനായും കല്പിച്ച് കാവ്യം രചിച്ചത്

(A) മൂലൂർ

(B) നടുവത്തച്ഛൻ

(C) ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ

(D) കുഞ്ഞിക്കുട്ടൻ തമ്പുരാൻ

37. ‘കോട്ടം വിട്ടൊരു കോട്ടയം കഥകൾ നാ
ലഞ്ചാകെ വഞ്ചീശ്വര
ശ്രേഷ്ഠൻ തന്നുടെ നാല് തമ്പിയുടെ
മൂന്നൊന്നക്കരീന്ദ്രന്റെയും’

– ഈ ശ്ലോക ഭാഗം

(A) നടുവത്തച്ഛൻ നമ്പൂതിരി എഴുതിയത്

(B) വെണ്മണിമഹൻ മുരിങ്ങൂർ ശങ്കരൻപോറ്റിക്കെഴുതിയ കത്തിൽ നിന്ന്

(C) വി.എസ്. ശർമ്മ എഴുതിയത്

(D) മേല്പ്പത്തൂർ നാരായണ ഭട്ടതിരി എഴുതിയത്

**38.** ശരിയായ ഗണമേത് ?

| **പട്ടിക – I** | | **പട്ടിക – II** | |
|---|---|---|---|
| a. | സംസാരമാം സാഗരത്തി ലംസാന്തം മുങ്ങൊലാ സഖേ | i. | രൂപകാതിശയോക്തി |
| b. | കീർത്തിശാലി ഭവാൻതന്നെ കാന്തിശാലി സുധാംശു താൻ | ii. | ദൃഷ്ടാന്തം |
| c. | സ്വൈരം മൃഗങ്ങൾ വാഴുന്നു പരാരാധനമെന്നിയേ | iii. | രൂപകം |
| d. | സരോജ യുഗളം കാൺക ശരങ്ങൾ ചൊരിയുന്നിതാ | iv. | സംബന്ധികാതിശയോക്തി |
| | | v. | അപ്രസ്തുത പ്രശംസ |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | v | iv | i | ii |
| (B) | iii | ii | v | i |
| (C) | ii | iii | i | v |
| (D) | iv | ii | v | i |

**39.** തകഴിയുടെ ചെമ്മീൻ ചലച്ചിത്രമാക്കിയപ്പോൾ തിരക്കഥ രചിച്ചത്

(A) തകഴി (B) പി. ഭാസ്ക്കരൻ

(C) എസ്.എൽ.പുരം സദാനന്ദൻ (D) തോപ്പിൽ ഭാസി

**40.** ഇന്ദുലേഖയെപ്പറ്റി ഏറ്റവും ഉചിതമായിപ്പറയാവുന്ന കാര്യങ്ങൾ

(i) രണ്ടു തലമുറകളുടെ സംസ്ക്കാരങ്ങൾ തമ്മിലുള്ള സംഘർഷം

(ii) ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ മാഹാത്മ്യം

(iii) മരുമക്കത്തായ വ്യവസ്ഥയ്ക്ക് കൂടുതൽ പ്രചാരം നൽകി

(A) (i) മാത്രം ശരി (B) (iii) മാത്രം ശരി

(C) (i) ഉം (ii) ഉം ശരി (D) (ii) ഉം (iii) ഉം ശരി

**41.** 'ഒരു പൂവുവിരിയുന്നു. ഒരു കവിത ജനിക്കുന്നു. ഒരു മൊട്ടിനുവിരിഞ്ഞേ കഴിയൂ. തിരമാലയ്ക്ക് ആഹ്ളാദത്തോടെ സ്വയം ഉയർന്നടിച്ച് ചിരിച്ചേ കഴിയൂ. അത്രമേൽ സ്വാഭാവികമായി ആത്മാർത്ഥമായി ഞാനെഴുതുന്നു.' തന്റെ രചനാനുഭവത്തെപ്പറ്റി ഇങ്ങനെ പ്രസ്താവിച്ച കവി.

(A) സച്ചിദാനന്ദൻ (B) സുഗതകുമാരി

(C) അയ്യപ്പപ്പണിക്കർ (D) ഒ.എൻ.വി.

**42.** ചെറുപയർ എന്നതിലെ 'ചെറു' ഏതു ഭേദകമാണ് ?

(A) സാംഖ്യം (B) ശുദ്ധം

(C) പാരിമാണികം (D) വിഭാവകം

**43.** ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | ചെമ്മീൻ | i. | അശ്ലീല കൃതി എന്ന് മുദ്രകുത്തപ്പെട്ടു |
| b. | ശബ്ദങ്ങൾ | ii. | സന്മാർഗ്ഗത്തിന്റെ തിളക്കവും ദാമ്പത്യത്തിന്റെ ഇഴുക്കവും |
| c. | വിഷകന്യക | iii. | പശ്ചാത്തലം സ്വാതന്ത്ര്യാനന്തര തിരുവിതാംകൂർ |
| d. | അയൽക്കാർ | iv. | വന്യമായ മണ്ണും പെണ്ണും മനസ്സും |
| | | v. | കുട്ടനാടൻ കർഷകത്തൊഴിലാളി ജീവിതം |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | v | iv | i | iii |
| (B) | iv | i | iii | v |
| (C) | i | iii | ii | v |
| (D) | ii | i | iv | iii |

**44.** **കാര്യം** : മലയാള സാഹിത്യത്തിൽ ഒരു രസരുചി പരിവർത്തനം സൃഷ്ടിച്ച കവിയാണ് കുഞ്ചൻ നമ്പ്യാർ.

**കാരണം** : (i) സങ്കേതബദ്ധമായ ആട്ടങ്ങളുടെ അരങ്ങുകളിൽ നിന്നും ആഢ്യ സദസ്സുകളിൽനിന്നും വേറിട്ട ഒരു തനതു കലാരൂപത്തെ തോറ്റിയെടുത്തു.

(ii) ഫലിത പരിഹാസ സാമൂഹ്യ വിമർശനങ്ങളിലൂടെ ഒരു ജനകീയ സംവാദത്തിന് ഇടം നൽകി.

(A) കാര്യവും, കാരണങ്ങളും തെറ്റ്.

(B) കാര്യവും കാരണങ്ങളും ശരി.

(C) കാര്യം തെറ്റ്, കാരണം (i) തെറ്റ്.

(D) കാര്യം ശരി, കാരണം (ii) മാത്രം തെറ്റ്.

**45.** ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | തുഞ്ചൻ പറമ്പ് | i. | കൊടുങ്ങല്ലൂർ |
| b. | ആശാൻ സ്മാരകം | ii. | പൊന്നാനി |
| c. | പഴശ്ശി സ്മാരകം | iii. | തിരൂർ |
| d. | അപ്പൻ തമ്പുരാൻ സ്മാരകം | iv. | തോന്നയ്ക്കൽ |
| | | v. | അയ്യന്തോൾ |
| | | vi. | മാനന്തവാടി |

**കോഡ് :**

| | a | b | c | d |
|---|---|---|---|---|
| (A) | iii | iv | vi | v |
| (B) | ii | v | i | iii |
| (C) | iv | iii | v | i |
| (D) | v | i | ii | iv |

താഴെ കൊടുത്തിട്ടുള്ള ഭാഗം വായിച്ച് തുടർന്നുവരുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

ഭരതമുനിയുടെ നാട്യശാസ്ത്രത്തിൽ അഭിനയത്തെ അദ്ദേഹം 'ലോകധർമ്മി' എന്നും 'നാട്യധർമ്മി' എന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. യഥാർത്ഥമായ രീതിയിൽ ചേഷ്ടാചലനങ്ങൾ നിർവ്വഹിക്കുന്നതാണ് ലോകധർമ്മി. രംഗവേദിയിലെ അഭിനയം ഒരിക്കലും അപ്രകാരമായിരിക്കാൻ പാടില്ലെന്നു നിർദ്ദേശിച്ചുകൊണ്ട് അദ്ദേഹം നാടകത്തെപ്പറ്റി ചർച്ചചെയ്യുന്നു. അഭിനയത്തിന്റെ കാര്യത്തിൽ മാത്രമല്ല, നാടകാവതരണ-ത്തിന്റെ ശൈലിയിലും രചനയിൽത്തന്നെയും നാട്യധർമ്മിയായ ഗുണങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണെന്ന സൂചനയുണ്ട്. ഇങ്ങനെ ഒരു നിർദ്ദേശമുണ്ടാകാൻ കാരണം, നാടകങ്ങൾ പ്രായേണ സ്വീകരിച്ചുപോന്ന ഇതിവൃത്തങ്ങളുടെ അഭൗമതയാണെന്നാണ് ഒരഭിപ്രായം. അതു മാത്രമാണോ ? ആകണമെന്നില്ല.

രംഗവേദിയെപ്പറ്റി, അതിന്റെ സാധ്യതകളെയും പരിമിതികളെയുംപറ്റി ഉള്ളറിവും നാടകത്തിന്റെ സാങ്കേതിക ബാധ്യതകളെക്കുറിച്ച് കാര്യജ്ഞാനവുമുള്ള ഒരു മേധയിൽനിന്നും പ്രജ്ഞാബലത്തോടെ വന്ന ഒരു അഭിപ്രായമായിവേണം അതു പരിഗണിക്കുവാൻ. രംഗപ്രയോഗാനർഹ സംഭവങ്ങളെ വ്യവച്ഛേദിച്ചതിലും, വിഷ്കംഭം, പ്രവേശകം തുടങ്ങിയ ഉപരംഗങ്ങളിലൂടെ അങ്കങ്ങളുടെ നാടകീയസ്വഭാവത്തിന് ഊനം തട്ടാതെ പൂർവ്വകഥാപുനരാഖ്യാനം, അകാന്തരങ്ങളിലെ ഇതിവൃത്ത ഭാഗങ്ങൾ എന്നിവ അനാവരണം ചെയ്യുവാൻ നിർദ്ദേശിച്ചതിലും കാണാനാവുന്ന നാടകബോധത്തിന്റെ മറ്റൊരു മുഖമാണ് അവിടെത്തെളിയുന്നത്. ജീവിതത്തിന്റെ രക്തം പൊടിഞ്ഞുകൊണ്ടിരിക്കുന്ന ഏടുകളെ ആ ചോരവായ്ത്തലപ്പുകൾ കാണത്തക്കവിധം രംഗത്തു പകർത്തി വയ്ക്കുകയാണ് നാടകധർമ്മമെന്നുള്ള നാചറലിസത്തിന്റെ സിദ്ധാന്തം ക്ലാസ്സിക്കൽ കലാരൂപങ്ങളുടെ പിന്നിലുണ്ടായിരുന്നില്ല. പ്രാചീന കലാരൂപങ്ങളിലെ രീതീകരണ-ത്തെക്കുറിച്ചുള്ള ഒരു പ്രബന്ധത്തിൽ എം. കെ. കെ. നായർ ചൂണ്ടിക്കാട്ടിയിട്ടുള്ളതു-പോലെ, അവയുടെ ലക്ഷ്യം നാടകത്തെ ദൃശ്യോത്സവം (Spectacle) ആക്കിത്തീർക്കുവാനായിരുന്നു. അലൗകികവും നമ്മുടെ കാവ്യമീമാംസകരുടെ ഭാഷയിൽ പറഞ്ഞാൽ ബ്രഹ്മാനന്ദനിർവ്വിശേഷവുമായ ഒരു ആഹ്ലാദവിശേഷം നമ്മിലുണ്ടാക്കുക എന്നതായിരുന്നു ക്ലാസ്സിക്കൽ കലാരൂപങ്ങളുടെ പരമമായ ലക്ഷ്യം. അതിന് അനുയോജ്യമായ ഇതിവൃത്തങ്ങളുടെയും അവയുടെ സാംഗോപാംഗഘടനയിലൂടെ വിടർന്നു വികസിച്ച് രസമായിപ്പരിണമിക്കുന്ന സ്ഥായിഭാവങ്ങളുടെയും സമ്മേളനത്തിനാണ് അവർ യത്നിച്ചതും. ഇക്കാര്യത്തിനുവേണ്ടി അഭിനയത്തിലും രംഗസജ്ജീകരണത്തിലും നാടകാവതരണത്തിന്റെ മറ്റനേകം അംശങ്ങളിലും യാഥാർത്ഥ്യത്തിൽ നിന്നും അന്യമായ ആവിഷ്കരണ മാർഗ്ഗങ്ങൾ അവർക്ക് അന്വേഷിക്കേണ്ടിവന്നു. രംഗപ്രസാധനത്തിനാധാരമായി വർത്തിച്ച നാടകകൃതികൾ അത്തരം ചില പ്രത്യേക രീതി നിബന്ധനങ്ങൾ തെരഞ്ഞെടുക്കുവാൻ നിർബന്ധിച്ചു എന്നുകൂടി പറയണം. ഭൗമവും അഭൗമവും ആയ അന്തരീക്ഷങ്ങളും കഥാപാത്രങ്ങളും ആവിഷ്കരിക്കേണ്ടി വരുക, രംഗത്തു നിൽക്കുന്ന കഥാപാത്രങ്ങൾ സ്വതന്ത്രമായ കാവ്യാത്മകശൈലിയിൽ ആത്മഗതം തുറന്നുച്ചരിക്കുക, അവരിൽത്തന്നെ ചിലർ മറ്റുള്ളവർ കേൾക്കുന്നില്ല എന്ന നാട്യത്തിൽ സംസാരിക്കുക, ക്രിയാംശം ഒരു സ്ഥലത്തുനിന്നും മറ്റൊരിടത്തേക്കു മാറിക്കൊണ്ടിരിക്കുക ഇങ്ങനെ ഒട്ടനേകം പ്രത്യേകതകൾ സംസ്കൃതനാടകരൂപത്തിന്റെ സാങ്കേതികത്വത്തിൽ ഉണ്ട്. യാഥാർത്ഥ്യത്തിൽനിന്നു നാടകത്തിന്റെ അന്തരീക്ഷത്തെ അവ അകറ്റി നിറുത്തുകയും എത്രതന്നെ ജീവിതഗന്ധിയാണ് ഇതിവൃത്തമെങ്കിലും അതിനെ നാടകീയമാക്കി, രീതി നിബന്ധിതമാക്കിത്തീർക്കുകയും ചെയ്തു. നാടകത്തിനു മാത്രമല്ല, മറ്റെല്ലാ ക്ലാസ്സിക്കൽ കലാരൂപങ്ങൾക്കും ഈ ഒരാവശ്യം വന്നുഭവിച്ചിട്ടുണ്ട്. കാലക്രമേണ ഈ കലാരൂപങ്ങളോരോന്നും തങ്ങൾ സ്വീകരിച്ച ഈ രീതി നിബന്ധന സമ്പ്രദായങ്ങളെ കൂടുതൽ സങ്കേതഭദ്രമാക്കി പ്രത്യേക മാധ്യമങ്ങളായി പരിവർത്തനപ്പെടുത്തി. ആ മാധ്യമങ്ങൾക്കു ഭാഷയുണ്ടായി; ആ ഭാഷയ്ക്കു വിശദമായ നിയമാവലികളുമുണ്ടായി. നമ്മുടെ ക്ലാസ്സിക്കൽ കലാരൂപങ്ങൾ ഏതെടുത്തു പരിശോധിച്ചാലും ഇക്കാര്യം വ്യക്തമാകും; കൂടിയാട്ടത്തെപ്പോലെയുള്ള ചില സമ്പ്രദായങ്ങളിൽ, അഭിനയത്തിൽ രീതീകരണം എങ്ങനെ സാധിക്കാമെന്നതിനെക്കുറിച്ച് വിശദമായി ചർച്ചചെയ്യുന്ന ആട്ടപ്രകാരങ്ങളുണ്ടായതായും നമുക്കു കാണാം.

യാഥാർത്ഥ്യത്തെക്കാൾ അതിശയോക്തിപ്രചുരമായ മിഥ്യകൾക്കും സങ്കല്പങ്ങൾക്കും കൂടുതൽ സ്ഥാനം നൽകപ്പെട്ടുപോന്നിട്ടുള്ള പ്രാചീന നാടോടിദൃശ്യകലകളിലും ഈ രീതീകരണം നമുക്കു കാണാൻ കഴിയും. ക്ലാസ്സിക്കൽ രൂപങ്ങളിലെന്നപോലെ അത് സാങ്കേതികപൂർണത കൈവരിച്ചിട്ടുണ്ടാവില്ലെന്നുമാത്രം. പക്ഷേ, നേരത്തെ സൂചിപ്പിച്ച 'ദൃശ്യോത്സവ'ത്തിന്റെ അംശവും അമാനുഷിക സംഭവങ്ങളിൽ ഭാഗഭക്കാകുന്ന ആവേശവും പ്രേക്ഷകർക്കു നൽകുന്ന കാര്യത്തിൽ നാടോടിക്കലാരൂപങ്ങൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്നു കാണാം. ക്ലാസ്സിക്കൽ കാലഘട്ടത്തിൽ സംജാതമായ കലാരൂപങ്ങൾ നമ്മുടെ നാടോടി പാരമ്പര്യത്തിൽനിന്നാവാം രീതീകരണസമ്പ്രദായം കടംകൊണ്ടത്.

**46.** അയഥാർത്ഥമായ ചേഷ്ടാചലനങ്ങൾ നിർവ്വഹിക്കുന്നതാണ്

(A) ലോകധർമ്മി (B) വിഷ്ക്കംഭം

(C) നാട്യധർമ്മി (D) പ്രവേശകം

**47.** നാചാറലിസത്തിന്റെ ധർമ്മമെന്ത് ?

(A) പൂർവ്വകഥാപുനരാഖ്യാനം

(B) ജീവിതത്തെ രംഗത്ത് പകർത്തി വയ്ക്കുന്നത്

(C) യുദ്ധരംഗത്ത് ആവിഷ്ക്കരിക്കുന്നത്

(D) പ്രഖ്യാത ഇതിവൃത്തം സ്വീകരിക്കുന്നത്

**48.** **കാര്യം** : സംസ്കൃത നാടകരൂപങ്ങളിൽ ഭൗമവും അഭൗമവുമായ അന്തരീക്ഷങ്ങളെയും കഥാപാത്രങ്ങളെയും ആവിഷ്ക്കരിച്ചു.

**കാരണം** : (i) രീതി നിബന്ധിതമായിരുന്നു സംസ്കൃത നാടകങ്ങൾ.

(ii) കാവ്യാത്മകമായ ശൈലി അവയിൽ ഉണ്ടായിരുന്നില്ല.

(A) കാര്യവും, കാരണം (i) ഉം ശരി.

(B) കാര്യം തെറ്റ്, കാരണം (ii) ശരി.

(C) കാര്യം തെറ്റ്, കാരണങ്ങളും തെറ്റ്.

(D) കാര്യം ശരി, കാരണം (ii) ശരി.

**49.** അഭിനയത്തിലെ രീതീകരണത്തെപ്പറ്റി നിർദ്ദേശിക്കുന്നത്

(A) ക്രമദീപിക (B) കൂടിയാട്ടം

(C) നടാങ്കുശം (D) ആട്ടപ്രകാരം

**50.** നാടോടിക്കലാരൂപങ്ങളുടെ പ്രത്യേകതകൾ

(A) ദൃശ്യോത്സവത്തിന്റെ അംശവും പങ്കാളിത്തവും

(B) രീതീകരണവും പങ്കാളിത്തമില്ലായ്മയും

(C) ആട്ടപ്രകാരങ്ങളും ക്രമദീപികകളും ഉണ്ടായിരിക്കും

(D) അതിശയോക്തിയും സാങ്കേതികപൂർണ്ണതയും ഉണ്ടായിരിക്കും

**Space For Rough Work**